# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 310 — 25.04.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

### ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>" ഇ.ടി.ടൈസൺ മാസ്റ്റർ<br>" കെ.രാജൻ<br>" മുഹമ്മദ് മുഹസിൻ പി | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി) കളുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ് ; | (എ) | 2015 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആണ് നിലവിൽ പ്രാബല്യത്തിൽ ഉള്ളത്. പ്രസ്തുത ആക്ടിന്റെ 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട ചുമതലകളും ഉത്തരവാദിത്വങ്ങളും അതാത് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ നിർവ്വഹിച്ചു വരുന്നത്. കൂടാതെ ടി വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം ഉപയോഗിച്ച് രൂപീകരിച്ചിട്ടുള്ള കേന്ദ്ര മാതൃകാചട്ടങ്ങളുടെ ചട്ടം 17-ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. അതാത് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ നടപ്പിൽ വരുത്തുവാൻ ബാധ്യസ്ഥരാണ്. |
| (ബി) | കുടുംബത്തിനുള്ളിൽ അടുത്ത ബന്ധുവിന്റെ പീഡനമേൽക്കുന്ന കുട്ടിയെ സി.ഡബ്ല്യു.സി കൾ വീണ്ടും അതേ കുടുംബത്തിലേയ്ക്കുതന്നെ അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇങ്ങനെ കുടുംബത്തിലേയ്ക്ക് തന്നെ തിരിച്ചയയ്ക്കുന്ന കുട്ടിയുടെ ജീവിതം പിന്നീട് എന്തായിത്തീരുന്നു എന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ; | (സി) | സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയമം അനുശാസിക്കുന്ന വിധത്തിൽ സുശക്തമായ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ ഉത്തമ താല്പര്യത്തിനെതിരായി ബോധ്യപ്പെടുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ ഉത്തരവുകൾ ജില്ലാ |

| | | |
|---|---|---|
| | | ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തലത്തിൽ നിയമപ്രകാരം ചോദ്യം ചെയ്യപ്പെടുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ജെ.ജെ. ആക്ടിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്ന വിധത്തിൽ കുട്ടികളെ ഫോളോ അപ്പ് ചെയ്യുന്നതിനുള്ള സംവിധാനം ആവശ്യമുള്ളവർക്ക് സ്ഥാപന സംരക്ഷണവും ആഫ്റ്റർ കെയർ സംവിധാനവും വകുപ്പ് ഏർപ്പെടുത്തി വരുന്നുണ്ട്. |
| (ഡി) | ഇത്തരം കുട്ടികളെ സ്ഥിരമായി സംരക്ഷിക്കാനും അവരുടെ ഭാവിജീവിതം മെച്ചപ്പെടുത്താനും സംവിധാനം ഒരുക്കുമോ? | (ഡി) സംവിധാനം നിലവിലുണ്ട്. നിർഭയ ഹോമുകളിൽ പീഢനത്തിനിരയായ പെൺകുട്ടികൾക്ക് സംരക്ഷണം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ